പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2461

14.06.2019 - ൽ മറുപടിക്ക്

## പ്രളയദുരിതമനുഭവിച്ചവർക്ക് സഹകരണ വകുപ്പ് നൽകുന്ന സഹായങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. സജി ചെറിയാൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) കെയർ കേരള പദ്ധതിയുടെ ഭാഗമായി പ്രളയത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിച്ചുനൽകുന്നതിന് കെയർ ഹോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ 2040 വീടുകളാണ് സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചു നൽകുന്നത്. 2019 മെയ് 31 വരെ 1184 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |
| ബി) പ്രളയത്തിൽ ദുരിതമനുഭവിച്ചവർക്ക് മറ്റ് എന്തെല്ലാം സഹായങ്ങളാണ് സഹകരണ വകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | ബി) പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 07.09.2018 ലെ സ.ഉ(കൈ) 326/2018/റ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച RESURGENT KERALA LOAN SCHEME (RKLS) എന്ന പേരിൽ ഒരു പദ്ധതി കുടുംബശ്രീ സംവിധാനത്തിലൂടെ സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയിട്ടുണ്ട്.<br><br>പ്രളയ ബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 10,000/- രൂപ സമാശ്വാസം ലഭിച്ചിട്ടുള്ള കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ കുടുംബശ്രീ അയൽക്കൂട്ടം മുഖാന്തിരം വായ്പ നൽകുന്നു. 9% പലിശ നിരക്കിലാണ് ബാങ്കുകൾ അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നത്. ടി പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്. |

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത മൊറട്ടോറിയത്തിന്റെ കാലാവധി 31.12.2019 വരെ ദീർഘിപ്പിച്ച് നൽകുന്നതിനും സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 31.12.2019 വരെ മൊറട്ടോറിയം അനുവദിച്ചും നൽകിയിട്ടുണ്ട്.

പ്രളയത്തിൽ സർക്കാർ പ്രളയ ബാധിത/ ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു വായ്പാ പദ്ധതി സർക്കാരിന്റെ 17.12.2018 ലെ സ.ഉ (കൈ) 27/18/ഡി.എം.സി നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ